# മഹാത്മാഗാന്ധി സർവകലാശാലയിൽ ഗവേഷണ വിദ്യാർഥിനിയായ ശ്രീമതി ദീപ പി. മോഹനന്റെ ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർ പുറപ്പെടുവിക്കുന്ന പത്രക്കുറിപ്പ്

ശ്രീമതി ദീപ പി.മോഹനന് മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥിയായി 24/03/2014 മുതൽ രജിസ്ട്രേഷൻ നൽകിയിരുന്നു. ഡോ.രാധാകൃഷ്ണൻ ഇ.കെ. ഗൈഡായും, ഡോ.സാബു തോമസ് കോ-ഗൈഡായും ആണ് ഗവേഷണത്തിന് അനുമതി നൽകിയിട്ടുള്ളത്.

പി.എച്ച്.ഡി. റെഗുലേഷൻ പ്രകാരം ഗവേഷണ കേന്ദ്രത്തിൽ ഹാജരാകുകയും, ലബോറട്ടറി പ്രവർത്തനങ്ങൾ നടത്തുകയും, ആറ് മാസം കൂടുമ്പോൾ ഗവേഷണ പുരോഗതി അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന അർദ്ധവാർഷിക പുരോഗതി റിപ്പോർട്ടുകൾ റിസേർച്ച് ഗൈഡും, ഗവേഷണ കേന്ദ്രത്തിന്റെ മേധാവിയും സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ശ്രീമതി ദീപ പി.മോഹനൻ ഗവേഷണത്തിന് ചേർന്ന 24/03/2014 മുതൽ നാളിതുവരെ അർദ്ധവാർഷിക പുരോഗതി റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. പി.എച്ച്.ഡി. റെഗുലേഷൻ പ്രകാരം ഒരു മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥിക്ക് രജിസ്ട്രേഷൻ കാലാവധി പരമാവധി അഞ്ചുവർഷമാണ്. എന്നാൽ തനിക്ക് ഗവേഷണ കാലാവധി 24/03/2019 മുതൽ നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും, ശ്രീമതി ദീപ പി.മോഹനൻ അപേക്ഷ നൽകുകയാണെങ്കിൽ ഗവേഷണവുമായി ബന്ധപ്പെട്ട ഗവേഷണ കേന്ദ്ര ഡയറക്ടർ, ഗവേഷണ മാർഗ്ഗദർശി, പരാതിക്കാരി എന്നിവരെ കേട്ട് ഗവേഷണം പൂർത്തീകരിക്കുന്നതിന് വൈസ് ചാൻസിലർക്ക് യുക്തമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരുന്നു. വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കണമെന്നുമുള്ള വ്യവസ്ഥയും കോടതി വിധിയിലുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവേഷണപൂർത്തീകരണത്തിന് സഹായകരമായ വ്യവസ്ഥകളോടെ ഗവേഷണ രജിസ്ട്രേഷൻ 24/03/2019 മുതൽ ഒരു വർഷത്തേയ്ക്ക് നീട്ടി നൽകിയിട്ടുള്ളതാണ്.

ആറുവർഷ കാലാവധി അവസാനിച്ചിട്ടും ഗവേഷണം പുരോഗമിച്ചിട്ടില്ലെന്നും ഗവേഷണത്തെ സംബന്ധിച്ച തന്റെ മാർഗ്ഗനിർദ്ദേശങ്ങളൊന്നും ഗവേഷക പാലിക്കുന്നില്ലെന്നും അർദ്ധവാർഷിക ഗവേഷണ റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ലെന്നും ആയതിനാൽ ഗവേഷണ മാർഗ്ഗദർശിയായി തനിക്ക് തുടരാൻ താൽപര്യമില്ലെന്നും, തന്നെ ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കണമെന്നും ഡോ. ഇ. കെ. രാധാകൃഷ്ണൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി ദീപ പി.മോഹനൻ 2015 മുതൽ ഗവേഷണ കേന്ദ്ര മേധാവിയായ ഡോ.നന്ദകുമാർ കളരിക്കലിനെതിരെ ജാതി വിവേചനവും, മാനസിക വിഷമതകൾ സൃഷ്ടിക്കൽ, ലബോറട്ടറി സൗകര്യം നിഷേധിക്കൽ എന്നിവ ഉന്നയിച്ച് നിരവധി പരാതികൾ സർവ്വകലാശാലയ്ക്ക് നേരിട്ടും മറ്റ് അധികാരസ്ഥാപനങ്ങളിലും നൽകിയിട്ടുണ്ട്. ഇവയെ സംബന്ധിച്ച് നിരവധി അന്വേഷണങ്ങൾ നടക്കുകയും റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഗവേഷണകേന്ദ്രം ഡയറക്ടർ തന്നെ ജാതിപരമായി അപമാനിച്ചു, ഗവേഷണം തടസ്സപ്പെടുത്തുവാൻ ശ്രമിച്ചു തുടങ്ങിയ ശ്രീമതി ദീപ പി.മോഹനന്റെ പരാതികളിൽ സർവ്വകലാശാല തെളിവെടുപ്പ് നടത്തിയിരുന്നു. ആരോപണങ്ങൾ വാസ്തവവിരുദ്ധമാണെന്നും, ഒരു ഗവേഷണ വിദ്യാർത്ഥിയുടെ ഭാഗത്തുനിന്നുണ്ടാകുവാൻ പാടില്ലാത്ത പെരുമാറ്റമാണ് ശ്രീമതി ദീപ പി.മോഹനനിൽ നിന്നും ഉണ്ടായിരിക്കുന്നതെന്നും, നാനോബയോളജി ലാബിൽ മനപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോ.നന്ദകുമാർ പരാതി നൽകിയിരുന്നു.

ശ്രീമതി ദീപ പി.മോഹനൻ, ജാതിപീഡനം സംബന്ധിച്ച് ഡോ.നന്ദകുമാർ കളരിക്കലിനെതിരെ നൽകിയ പരാതി പോലീസിന് കൈമാറിയിരുന്നു. പ്രസ്തുത കേസിനെതിരെ ഡോ.നന്ദകുമാർ കളരിക്കൽ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും അന്വേഷണ ഏജൻസികളുടെ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ അവസാനിപ്പിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ളതും അത് സർവ്വകലാശാല നടപ്പിലാക്കിയിട്ടു ള്ളതുമാണ്.

24/03/2020 മുതൽ വീണ്ടും ഗവേഷണ കാലാവധി ദീർഘിപ്പിക്കുന്നതിനായി 05/06/2020 ൽ ശ്രീമതി ദീപ പി.മോഹനൻ വീണ്ടും നൽകിയ അപേക്ഷ പി.എച്ച്.ഡി. റെഗുലേഷന് അനുസൃതവും ക്രമപ്രകാരവും അല്ലാതിരുന്നതിനാൽ 19/02/2021 ൽ കൂടിയ ഉന്നത അധികാര സമിതിക്ക് ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കഴിഞ്ഞിരുന്നില്ല.

ഗവേഷണനിയമം 2010/12 ന്റെ വകുപ്പ് 28 പ്രകാരം ഗവേഷണ കേന്ദ്രത്തിൽ നിശ്ചിത കാലയളവിന് മുകളിൽ ഹാജരാകാതിരിക്കൽ, ഉപവകുപ്പ് 29(1) പ്രകാരം രണ്ടിലേറെ അർദ്ധവാർഷിക പുരോഗതി റിപ്പോർട്ടുകൾ സമർപ്പിക്കാതിരിക്കൽ, ഗവേഷണ മാർഗ്ഗദർശം സ്വീകരിക്കാതിരിക്കൽ തുടങ്ങിയ വ്യവസ്ഥാലംഘനങ്ങൾ ഉണ്ടായതായി കാണുന്നു.

വിദ്യാർത്ഥിനി അനിശ്ചിതകാല നിരാഹാര സമരം തുടങ്ങിയ പശ്ചാത്തലത്തിൽ, പ്രശ്നപരിഹാരത്തിനായി വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനിയും ഭീം ആർമി നേതാക്കളുമായി ചർച്ചനടത്തുകയും, ഗവേഷണം പൂർത്തീകരിക്കുവാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാമെന്ന് വൈസ് ചാൻസിലർ അറിയിക്കുകയും ചെയ്തുവെങ്കിലും വിദ്യാർത്ഥിനിയും ഭീം ആർമി നേതാക്കൻമാരും ചർച്ച ബഹിഷ്കരിക്കുകയാണുണ്ടായത്.

01/11/2021 –ാം തീയതി ഉച്ചകഴിഞ്ഞ് 3.30 നും, തുടർന്ന് 06/11/2021 ന് രാവിലെ 11 മണ്യ്ക്ക് കൂടിയ ഉന്നതാധികാര സമിതിയോഗം വിദ്യാർത്ഥിനിക്ക് ഗവേഷണം പൂർത്തീകരിക്കുവാൻ സഹായകരമായ രീതിയിൽ ഫീസ് ഒഴിവാക്കിനൽകൽ, ഹോസ്റ്റൽ സൗകര്യവും ലബോറട്ടറി സൗകര്യവും ലഭ്യമാക്കൽ, പുതിയ ഗൈഡിനെ അനുവദിച്ചുനൽകൽ എന്നീ വിഷയങ്ങളിൽ അനുകൂല തീരുമാനം കൈക്കൊള്ളുകയും വിദ്യാർത്ഥിനി ഗവേഷണം നടത്തുന്ന ഗവേഷണ കേന്ദ്രത്തിന്റെ ചുമതല ഡോ.നന്ദകുമാർ കളരിക്കലിൽ നിന്നും വൈസ് ചാൻസിലർ തന്നെ നേരിട്ട് ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

VICE-CHANCELLOR

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 6

## വാർത്താക്കുറിപ്പ് - 2

### പി.ജി, ബി.എഡ്. പ്രവേശനം: എസ്.സി, എസ്.ടി. അലോട്ട്മെന്റ്

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തുന്ന ബിരുദാനന്തര - ബിരുദ പ്രോഗ്രാമുകളിലേക്കും ട്രെയിനിംഗ് കോളേജുകളിൽ നടത്തുന്ന ബി.എഡ് പ്രോഗ്രാമിലേക്കും പ്രവേശനത്തിനുള്ള പട്ടികജാതി, പട്ടികവർഗ വിദ്യാർഥികളുടെ ആദ്യ പ്രത്യേക അലോട്ട്മെന്റ് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. പ്രത്യേക അലോട്ട്മെന്റിൽ സീറ്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 10ന് വൈകീട്ട് നാലിനകം ബന്ധപ്പെട്ട കോളേജിൽ ഹാജരായി പ്രവേശനം നേടണം. നിശ്ചിത സമയത്തിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും.

പ്രത്യേക അലോട്ട്മെന്റ് പ്രകാരം കോളേജുകളിൽ പ്രവേശനം നേടുന്ന കുട്ടികൾ ഓൺലൈനായി അടയ്ക്കുന്ന യൂണിവേഴ്സിറ്റി ഫീസിന് പുറമെ ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസടച്ച് പ്രവേശനം ഉറപ്പാക്കണം.

മുൻ അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് താൽക്കാലിക പ്രവേശനമെടുത്തവരുൾപ്പെടെ എല്ലാ വിഭാഗം എസ്.സി./ എസ്.ടി. അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നവംബർ 10ന് വൈകുന്നേരം നാലിന് മുൻപ് സ്ഥിരപ്രവേശനം നേടണം. മുൻ അലോട്ട്മെന്റുകളിൽ താൽക്കാലിക/ സ്ഥിരപ്രവേശമെടുത്ത് നിൽക്കുന്നവർക്ക് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒന്നാം സ്പെഷൽ അലോട്ട്മെന്റിൽ സീറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവർ നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തന്നെ പ്രവേശനമെടുക്കണം. ഇത്തരക്കാരുടെ മുൻ അലോട്ട്മെന്റ് ഇതിനകം റദ്ദായിട്ടുള്ളതാണ്.

(പി.ആർ.ഒ/39/1270/2021)

### പുതുക്കിയ പരീക്ഷ തീയതി

നവംബർ 24, 26 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ബി.എ./ ബി.കോം. (2019 അഡ്മിഷൻ - റഗുലർ/ 2017, 2018 അഡ്മിഷൻ - റീഅപ്പിയറൻസ് - സി.ബി.സി.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ഡിസംബർ ആറ്, എട്ട് തീയതികളിൽ നടക്കും. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/1271/2021)

### പരീക്ഷാ തീയതി

ഏഴാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ - റഗുലർ)/ ഡി.ഡി.എം.സി.എ. (2016, 2015, 2014 അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷകൾ നവംബർ 22 മുതൽ നടക്കും. പിഴയില്ലാതെ നവംബർ 15 വരെയും 525 രൂപ പിഴയോടെ നവംബർ 16 നും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 17 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1272/2021)

### അപേക്ഷ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം/ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.എച്ച്.എം./ എം.എം.എച്ച്./ എം.ടി.ടി.എം. (സി.എസ്.എസ്.) (2020 അഡ്മിഷൻ - റഗുലർ/ 2019 അഡ്മിഷൻ - ഇംപ്രൂവ് മെന്റ്/ 2019, 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി/ 2015, 2014, 2013 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ എട്ടുവരെയും 525 രൂപ പിഴയോടെ നവംബർ ഒൻപതിനും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 10 നും ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

(പി.ആർ.ഒ/39/1273/2021)

## ബി.എ./ ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷാകേന്ദ്രം

നവംബർ എട്ടുമുതൽ നടക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എ./ ബി.കോം (2019 അഡ്മിഷൻ/ 2017, 2018 അഡ്മിഷൻ - റീഅപ്പിയറൻസ് - സി.ബി.സി.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷാകേന്ദ്രം സംബന്ധിച്ച വിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷാകേന്ദ്രത്തിൽ നിന്നും ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.

(പി.ആർ.ഒ/39/1274/2021)

## വൈവാ വോസി

2021 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം, 2019 അഡ്മിഷൻ - റഗുലർ/ 2018 അഡ്മിഷൻ - സപ്ലിമെന്ററി, പഴയ സ്കീം, 2016, 2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ വൈവാ-വോസി നവംബർ 12ന് നടക്കും. വിദ്യാർത്ഥികൾ പ്രൊജക്ട് റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് തലവൻ മുഖേന പരീക്ഷ ബോർഡ് ചെയർമാന് നവംബർ 10നകം ഇ-മെയിലായി സമർപ്പിക്കണം. വിശദവിവരങ്ങൾ അതത് കോളേജുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/1275/2021)

## പരീക്ഷാഫലം

2021 മാർച്ച്, ജൂലൈ മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ - 2019 അഡ്മിഷൻ/ സപ്ലിമെന്ററി 2013 - 2018 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1276/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ